(Pages : 4) **L – 6181**

Reg. No. : .............................

Name : .................................

## First Semester M.A. Degree Examination, August 2021

## Malayalam Language and Literature

### ML 214 : മലയാളവ്യാകരണം

### (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) പാണ്ഡ്യഭാഷയിൽ നിന്നുള്ള കേരളഭാഷയുടെ വ്യതിരിക്തത വ്യക്തമാക്കാൻ ലീലാതിലകകാരൻ നിരത്തുന്ന യുക്തികൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) മൂലദ്രാവിഡത്തിൽ നിന്ന് നേരിട്ട് ഉരിത്തിരിഞ്ഞ ഭാഷയാണ് മലയാളം എന്നതിന് ആറ്റൂർ പറയുന്ന തെളിവുകൾ വിമർശനാത്മകമായി വിലയിരുത്തുക.

2. (a) ഭാഷാഗദ്യത്തിന്റെ വികാസപരിണാമഘട്ടങ്ങളെ പ്രൊഫസർ സി.എൽ. ആന്റണി വിഭജിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) എ.ഡി. 12-ാം നൂറ്റാണ്ടോടുകൂടി ശാസനഭാഷയിൽ സംഭവിച്ചതായി ഭാഷാചരിത്ര കാരന്മാർ സൂചിപ്പിച്ചിട്ടുള്ള പ്രധാന സ്വനിമ മാറ്റങ്ങൾ എന്തെല്ലാം?

3. (a) "ഊഹനീയസംസ്കൃതപ്രകൃതി സംസ്കൃത ഭവാ" - വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) "സോ{ഷ്ടധാ ത്രിധാ ദ്വിധാ ച" - ഈ സൂത്രത്തിൽ വിവരിക്കുന്ന പ്രത്യയഭേദങ്ങൾ ഏതെല്ലാം?

P.T.O.

4. (a) വർണ്ണങ്ങൾക്ക് പലമാതിരി ശ്രുതിഭേദം വരുന്നതിനു കാരണമായി കേരളപാണിനി നിരത്തുന്ന യുക്തികൾ ആധുനിക സ്വനവിജ്ഞാനീയവുമായി എത്രത്തോളം യോജിക്കുന്നു എന്ന് പരിശോധിക്കുക.

അല്ലെങ്കിൽ

(b) സംബന്ധികയെ ഒരു വിഭക്തിയായി പരിഗണിക്കേണ്ടതുണ്ടോ? സ്വാഭിപ്രായം സ്വരൂപിക്കുക.

5. (a) റ കാരത്തെ ചില്ലായിട്ടും അല്ലാതെയും ഗണിക്കേണ്ടിവരുന്നതിന് കാരണമായി കേരളപാണിനി നിരത്തുന്ന യുക്തികൾ എത്രത്തോളം സ്വീകാര്യമാണെന്നു പരിശോധിക്കുക.

അല്ലെങ്കിൽ

(b) "വിവക്ഷപോൽ മാറി മാറി

വരും കാരകജാതികൾ" - വിവക്ഷിതമെന്ത്?

6. (a) മലയാളത്തിൽ സംവൃതത്തെ ഒരു സ്വരമായി പരിഗണിക്കേണ്ടതുണ്ടോ? സ്വാഭിപ്രായം സ്വരൂപിക്കുക.

അല്ലെങ്കിൽ

(b) കൃത്തദ്ധിതങ്ങൾ എന്നാലെന്ത്? കൃതികൃത്ത്, കാരകകൃത്ത് ഇവ ഉദാഹരിച്ച് വിവരിക്കുക.

7. (a) അവ്യയീഭാവൻ, ദ്വിഗു എന്നിവ ഭാഷയിലില്ലെന്ന് കേരളപാണിനി പറയുന്നത് ശരിയാണോ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) അകാരത്തിനു ഓഷ്ഠ്യം-താലവ്യം എന്ന കേരളപാണിനിയുടെ വിഭജനം അംഗീകരിക്കാമോ? വിലയിരുത്തുക.

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) വർണ്ണവികാരം എന്നാലെന്ത്? സാമൂഹികഭാഷാശാസ്ത്രതത്ത്വങ്ങളുമായി താരതമ്യം ചെയ്ത് വിശദീകരിക്കുക.

അല്ലെങ്കിൽ

(b) മലയാളം സംശ്ലിഷ്ട കക്ഷ്യയിൽ നിന്ന് വൈകൃതകക്ഷ്യയിലേക്കുള്ള പടിവാതിലിൽ ആണെന്ന കേരളപാണിനിയുടെ അഭിപ്രായം എത്രത്തോളം സ്വീകാര്യമാണ് - പരിശോധിക്കുക.



gcwcentrallibrary.in

9. (a) വിനയെച്ചം എന്നാലെന്ത്? നടുവിനയെച്ചത്തെ ഒരു വിനയെച്ചമായി പരിഗണിക്കേണ്ടതുണ്ടോ? വിലയിരുത്തുക.

അല്ലെങ്കിൽ

(b) സംസ്കൃതത്തിലില്ലാത്ത ദ്രാവിഡാക്ഷരങ്ങൾ ഏതെല്ലാം? ലീലാതിലകത്തിലെ അധികാക്ഷരനിരൂപണത്തിന്റെ വെളിച്ചത്തിൽ വിവരിക്കുക.

10. (a) മലയാളത്തിലെ പ്രധാനപ്പെട്ട ലിംഗപ്രത്യയങ്ങൾ ഏതെല്ലാം? ലിംഗപ്രത്യയങ്ങളുടെ ആഗമത്തെക്കുറിച്ചുള്ള കേരളപാണിനിയുടെ അഭിപ്രായം ക്രോഡീകരിക്കുക.

അല്ലെങ്കിൽ

(b) അം അംഗപ്രത്യയമാണെന്ന കേരളപാണിനിയുടെ അഭിപ്രായം വിശകലനം ചെയ്യുക.

11. (a) വിഭക്ത്യംഗം എന്നാലെന്ത്? വിഭക്ത്യംഗം ചേർക്കുന്ന വിധം വിശദമാക്കുക.

അല്ലെങ്കിൽ

(b) കേരളപാണിനിയുടെ ക്രിയാവിഭജനം വിമർശനാത്മകമായി വിലയിരുത്തുക.

12. (a) "ഖരാദേശമിരട്ടിപ്പും പരസംക്രാന്തി ചിഹ്നമാം" - ഈ നയത്തിന്റെ യുക്തിയും വ്യാപ്തിയും പരിശോധിക്കുക.

അല്ലെങ്കിൽ

(b) തമിഴ്-മലയാളങ്ങൾ ഒന്നുതന്നെയാണെന്നുള്ള പൂർവ്വപക്ഷത്തെ ലീലാതിലകകാരൻ ഖണ്ഡിക്കുന്നതെങ്ങനെ?

**(5 × 6 = 30 Marks)**

III. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) വർത്തമാനകാലഖ്യാതത്തെ പറ്റിയുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.

അല്ലെങ്കിൽ

(b) സംസ്കൃതാനുകരണദോഷം കൂടാതെ മലയാളത്തിലെ വർണ്ണങ്ങളുടെ മൂല്യം നിർണ്ണയിക്കാൻ കേരളപാണിനിക്ക് കഴിഞ്ഞിട്ടില്ല എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

gcwcentrallibrary.in

14. (a) രൂപത്തെയും രൂപത്തിനു പ്രത്യേകത വരുത്തുന്ന പ്രത്യയങ്ങളെയും അവഗണിച്ചതു കൊണ്ട് പദവർഗ്ഗീകരണത്തിൽ പല പാകപ്പിഴകളും കേരളപാണിനിക്ക് വന്നിട്ടുണ്ടെന്ന് പറയാതെ വയ്യ - സി.എൽ. ആന്റണിയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ അഭിപ്രായം സംഗ്രഹിക്കുക.

അല്ലെങ്കിൽ

(b) മലയാളഭാഷയുടെ ഉദ്ഭവത്തെപ്പറ്റിയുള്ള സിദ്ധാന്തങ്ങളിൽ പൂർവ്വ-തമിഴ് മലയാളവാദത്തിന്റെ പ്രസക്തി വിലയിരുത്തുക.

15. (a) ലീലാതിലകകാരന്റെ ഭാഷാവിചാരം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ വിലയിരുത്തുക.

അല്ലെങ്കിൽ

(b) കേരളപാണിനീയത്തിനു മുൻപുള്ള മലയാള വ്യാകരണഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in